TB Movie Panel Weekly Review

**#moviepanel**

കുമാരി (2022)

എഴുതിയത് : Sajan Ramanandan

ഇല്ലിക്കൽ എന്ന ഒരു സാങ്കൽപ്പിക ഗ്രാമം. അവിടെ ഒരു മുത്തശ്ശി കൊച്ചുമകന് പറഞ്ഞു കൊടുക്കുന്ന ഒരു കഥ. കുറച്ചു മിത്തും കുറച്ചു ഹൊററും ചേർത്ത് പറയുന്ന കഥ. മാമ്പഴം കൊടുത്തു ചാത്തനെ കൂട്ടുകാരനാക്കുന്ന ചൊക്കനും അധികാരം കൊണ്ട് ഭ്രാന്ത് പിടിച്ചു നടക്കുന്ന ജന്മിയും ആചാരങ്ങളും ശാപങ്ങളും കൊല്ലും കൊലയും ഒക്കെ കണക്കിന് ചേർത്തിട്ടുള്ള കഥ.

രണം എന്ന സിനിമയിലൂടെ സംവിധായകനായി തുടക്കം കുറിച്ച നിർമൽ സഹദേവ് കഥയും സംവിധാനവും നിർവഹിച്ച സിനിമയാണ് കുമാരി. ഐശ്വര്യ ലക്ഷ്മിയാണ് ടൈറ്റിൽ റോൾ ചെയ്തിരിക്കുന്നത്. പ്രിഥ്വിരാജ് പ്രൊഡക്ഷൻസ്, ദി ഫ്രഷ് ലൈം സോഡാസ് എന്നീ ബാനറുകൾ ചേർന്ന് അവതരിപ്പിക്കുന്ന സിനിമയുടെ നിർമ്മാണം പ്രിഥ്വിരാജ്, സുപ്രിയ മേനോൻ, ജിജു ജോൺ, ശ്രീജിത്ത് സാരങ്, നിർമൽ സഹദേവ് എന്നിവരാണ്. ജേക്സ് ബിജോയ്, മണികണ്ഠൻ അയ്യപ്പ എന്നിവർ പശ്ചാത്തല സംഗീതം ഒരുക്കി. ഗാനങ്ങൾ കൈതപ്രം, ജ്യോതിഷ് കാശി, ജോ പോൾ. പാട്ടുകൾക്ക് സംഗീതം ജേക്സ് ബിജോയ്. എഡിറ്റ് ശ്രീജിത്ത് സാരങ്ങ്.

എബ്രഹാം ജോസഫിന്റെ വിഷ്വൽസ് മികച്ചു നിന്നു. ഗോകുൽ ദാസിന്റെ പ്രൊഡക്ഷൻ ഡിസൈനും, ശ്രീജിത്ത് സാരങ്ങിന്റെ കളറിങ്ങും സിനിമയ്ക്ക് മാറ്റു കൂട്ടുന്നുണ്ട്. സൗണ്ട് ഡിസൈൻ സിങ്ക് സിനിമ, സ്റ്റണ്ട് ദിലീപ് സുബ്ബരായൻ. കുഞ്ചല വിനീത് കുമാർ സൗണ്ട് എഡിറ്റർ ആയും അരവിന്ദ് മേനോൻ സൗണ്ട് മിക്സർ ആയും പ്രവർത്തിച്ചു. സ്റ്റെഫി സേവിയർ വസ്ത്രാലങ്കാരം.

ഐശ്വര്യ ലക്ഷ്മിയെ കൂടാതെ ഷൈൻ ടോം ചാക്കോ, സുരഭി ലക്ഷ്മി, ശിവജിത് നമ്പ്യാർ, രാഹുൽ മാധവ്, സ്വാസിക, തൻവി റാം, ശ്രുതി മേനോൻ, സ്ഫടികം ജോർജ് തുടങ്ങിയവർ അഭിനേതാക്കളായി എത്തുന്നു. സുരഭിയുടെ പ്രകടനം എടുത്തു പറയത്തക്ക ശക്തമായിരുന്നു. സ്ഫടികം ജോർജ് തന്റെ റോൾ കയ്യടക്കത്തോടെ കൈകാര്യം ചെയ്തു. ഷൈൻ ടോം മിന്നുന്ന പ്രകടനം കാഴ്ച വച്ചു. എന്നാൽ ഈയിടെ ഷൈനിന്റെ റീൽ നടനവും മീഡിയ ഇന്ററാക്ഷനുകളിൽ ഉൾപ്പെടെ കാണുന്ന പ്രകടനവും ഏറെക്കുറെ ഒന്ന് പോലെ ആയിപ്പോകുന്നതായി എനിക്ക് വ്യക്തിപരമായി അനുഭവപ്പെടാറുണ്ട്. അതിനാൽ ആ മിന്നുന്ന പ്രകടനം മികച്ച അഭിനയം എന്ന് തീർച്ചപ്പെടുത്തി പറയാൻ കഴിയുന്നില്ല. ഐശ്വര്യ

ലക്ഷ്മിയുടെ പ്രകടനത്തിലും ഒരു മോഡേൺ കഥാപാത്രത്തിന്റെ boldness എടുത്തറിയാൻ കഴിയുന്നതായി തോന്നി. ധ്രുവൻ തമ്പുരാനോട് ആദ്യമായി തുറന്നു സംസാരിക്കുന്ന സീനിൽ കുമാരി ഒരു നിമിഷം മായാനദിയിലെ അപ്പു ആയത് പോലെ.

കുമാരിയുടെ ട്രെയിലർ കാണുമ്പോൾ ഓർമ വന്നത് 2020ൽ ഇറങ്ങിയ ബുൽബുൽ എന്ന ഹിന്ദി സിനിമയായിരുന്നു. എന്നാൽ സിനിമ കാണുമ്പോൾ എനിക്ക് മനസ്സിൽ വന്നത് Pan's Labyrinth എന്ന 2006 ൽ ഇറങ്ങിയ ഗില്ലെർമോ ഡെൽ ടോറോ സിനിമയാണ്. പിന്നീടെപ്പോഴോ 2018ൽ ഇറങ്ങിയ തുമ്പഡ് (Tumbbad) എന്ന ഹിന്ദി സിനിമയും. തുമ്പഡിനോടാണ് ആശയപരമായി സിനിമ കൂടുതൽ അടുത്തുനിൽക്കുന്നതെന്ന് തോന്നുന്നു.

മികച്ച ദൃശ്യങ്ങളും നല്ലൊരു ഫാന്റസി പരിസരവും ഒരുക്കുന്നതിൽ സിനിമ വിജയിക്കുന്നുണ്ട്. പക്ഷേ രണ്ട് മണിക്കൂർ ഇരുപത് മിനിറ്റ് ഉള്ള സിനിമ കുറച്ചു കൂടി ഒതുക്കി അവതരിപ്പിച്ചിരുന്നെങ്കിൽ നന്നായിരുന്നേനെ എന്ന് തോന്നി. അംബാസിഡർ കാറും എസ്ഡി (ആണെന്ന് കരുതുന്നു) ബൈക്കും ഉള്ള, എന്നാൽ കറണ്ട് ഇല്ലാതെ തീപന്തം കത്തിച്ചു വയ്ക്കുന്ന കാലഘട്ടം എന്നത് കുറച്ചു inconsistent ആയും തോന്നി. Prelude (ആമുഖം) ആയി പറഞ്ഞു വരുമ്പോൾ തന്നെ ഒരേ കാര്യം ആവർത്തിച്ചു പറയുന്നുണ്ട് സിനിമ പലയിടത്തും. പറഞ്ഞത് മനസിലായില്ലെങ്കിലോ എന്ന ആത്മവിശ്വാസം ഇല്ലാത്ത ഒരാൾ ആവർത്തിച്ചു പറയുന്നത് പോലെ അനുഭവപ്പെട്ടു ഈ രംഗങ്ങൾ. അത് കൂടാതെ ബർസോ രേ മേഘായും കൊഞ്ചും മൈനാക്കളേയും ചേർന്നുള്ള ഈണവും ഡാൻസും വിഷ്വൽസും കൂട്ടിച്ചേർത്തുള്ള ആദ്യത്തെ പാട്ടും പിന്നെ വന്ന അനാവശ്യമായ വേറെയും പാട്ടുകളും സിനിമയുടെ വേഗം വല്ലാതെ കുറച്ചു. ക്ലൈമാക്സും കയ്‌ൽ പസ്‌ക്യുറ്റി (pronunciation കൃത്യമായി അറിയില്ല) കൈകാര്യം ചെയ്ത സ്പെഷ്യൽ മേക്കപ്പ് എഫക്റ്റ്സും അത്രയ്ക്ക് മികച്ചതായി അനുഭവപ്പെട്ടില്ല.

ഐശ്വര്യ ലക്ഷ്മി, പ്രിയങ്ക ജോസഫ്, മൃദുല, ജിൻസ് വർഗീസ് എന്നിവരും സിനിമയുടെ സഹനിർമ്മാതാക്കൾ ആണ്. ഫസൽ ഹമീദ് ആണ് സംവിധായകന് ഒപ്പം തിരക്കഥ എഴുതിയിരിക്കുന്നത്.

പ്രൊഡക്ഷൻ ഡിസൈൻ, ആർട്ട് ഡിപ്പാർട്മെന്റ്, ക്യാമറ, ഫാന്റസി എലമെന്റ്, സൗണ്ട് ഡിസൈൻ എന്നിവയ്ക്ക് വേണ്ടി ഒരു വട്ടം കാണാവുന്ന ഒരു സിനിമയായി അനുഭവപ്പെട്ടു കുമാരി.